ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

കൈത്തറി വ്യവസായങ്ങൾക്ക് എൻ. സി. ഡി. സി. സഹായം

42 [1247] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കൈത്തറി മേഖലയിൽ എൻ. സി. ഡി. സി. യുടെ സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ആവശ്യങ്ങൾക്കാണ് പ്രസ്തുത മേഖലയിൽ സാമ്പത്തിക സഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എൻ. സി. ഡി. സി. യുടെ സാമ്പത്തിക സഹായം കേരളത്തിലെ കൈത്തറി മേഖലയ്ക്ക് 2001-02 വർഷം മുതൽ ലഭിക്കുന്നില്ല.

(ബി) പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി വായ്പ, കോമൺവർക്ക് ഷെഡ് നിർമ്മാണം, ഗോഡൗൺ നിർമ്മാണം സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പ തുടങ്ങിയവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതികളാണ് എൻ.സി. ഡി. സി നടപ്പാക്കുന്നത്.

ടെക്സ്റ്റയിൽ മില്ലുകൾ പുനരുദ്ധരിക്കാൻ നടപടി

43 [1248] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ടെക്സ്റ്റയിൽ മില്ലുകളുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രമില്ലുകൾ പൂട്ടി ; എത്രപേർക്ക് വി. ആർ.എസ്സ്. നൽകിയെന്ന് വെളിപ്പെടുത്താമോ ;

(സി) ടെക്സ്റ്റയിൽ മില്ലുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രി ചെയർമാനായി സമിതി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത സമിതി എത്രതവണ യോഗം ചേർന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സഹകാരൃ സർക്കാർ സഹകരണ മേഖലകളിൽ ആകെ 46 ടെക്സ്റ്റയിൽ മില്ലുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുമേഖലാ സ്ഥാപനമായ ട്രിവാൻട്രം സ്പിന്നിംഗ് മിൽ ലിക്വിഡേഷനിലാണ്. കേരളാ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മില്ലിന്റെ പ്രവർത്തനം താല്ക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. 541 പേർക്ക് താഴെപ്പറയും പ്രകാരം വി. ആർ. എസ്സ്. നൽകിയിട്ടുണ്ട്.

തിരുവനന്തപുരം സ്പിന്നിംഗ് മിൽ	238
സീതാറാം ടെക്സ്റ്റയിൽ ലിമിറ്റഡ്	96
മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ	207
	541

സ്വകാര്യ മേഖലയെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മെഴുകുതിരിയെ മൂല്യവർദ്ധിത നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി

44 [1249] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മെഴുകുതിരി നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) മെഴുകുതിരി വില്പന നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഇനമാണോ;

(ഡി) 1-4-2005 മുതൽ സംസ്ഥാനത്ത് ഏർപ്പെടുത്തുന്ന മൂല്യവർദ്ധിത നികുതിയിൽ നിന്നും മെഴുകുതിരിയെ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് മെഴുകുതിരി നിർമ്മാണവുമായി ബന്ധപ്പെട്ട് 3753 ചെറുകിട വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ യൂണിറ്റുകൾ സ്വകാര്യ മേഖലയിൽ വരുന്നതാണ്, തൊഴിലാളികളുടെ കണക്ക് ശേഖരിച്ചുനൽകുന്നതാണ്.

(സി) മെഴുകുതിരി വില്പനനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട ഇനമാണ്.

(ഡി & ഇ) 1-4-2005 മുതൽ സംസ്ഥാനത്ത് നിലവിൽ വരുന്ന മൂല്യവർദ്ധിത നികുതിയിൽ നിന്നും മെഴുകുതിരിയെ ഒഴിവാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly